# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3** — **07/08/2017-ൽ മറുപടിക്ക്**

**പകർച്ചപ്പനി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.മമ്മൂട്ടി<br>" കെ.എം.ഷാജി<br>" ടി.എ.അഹമ്മദ് കബീർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | ഈ കാലവർഷക്കാലത്ത് സംസ്ഥാനത്തുടനീളം വിവിധങ്ങളായ പനി ബാധിതരായി അനേകം പേർ മരണപ്പെട്ടുവാനുണ്ടായ സാഹചര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | എ) | പരിശോധിച്ചിട്ടുണ്ട്. |
| ബി) | പനി പടർന്നുപിടിക്കുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ്; | ബി) | പനി പടർന്നുപിടിക്കാനുണ്ടായ പ്രധാന കാരണങ്ങൾ താഴെപ്പറയുന്നവയാണ്.<br>1) കാലാവസ്ഥാ വ്യതിയാനങ്ങൾ, താപനിലയിൽ ഉണ്ടാകുന്ന വർദ്ധനവ്, ഇടവിട്ടുള്ള മഴ<br>2) ഖര, ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിലെ പോരായ്മ<br>3) കൊതുക്, ഈച്ച, എലി തുടങ്ങിയവ പെരുകുന്നതിനുള്ള സാഹചര്യങ്ങൾ<br>4) ഉയർന്ന ജനസാന്ദ്രതയും നഗരവൽക്കരണവും<br>5) സാമൂഹിക ശുചിത്വത്തിലുള്ള താല്പര്യക്കുറവ്<br>6) ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കാനുള്ള സൗകര്യക്കുറവ്<br>7) വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥ |
| സി) | ഈ കാര്യങ്ങൾ മുൻകൂട്ടിക്കണ്ട് പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിരുന്നുവോ; | സി) | മുൻവർഷങ്ങളിലെ പോലെ മഴക്കാലപൂർവ്വ രോഗപ്രതിരോധ പ്രവർത്തനങ്ങളും മുന്നൊരുക്കങ്ങളും നടത്താനുള്ള നിർദ്ദേശങ്ങൾ ഈ വർഷവും കൃത്യമായി നൽകിയിരുന്നു. |
| ഡി) | പ്രതിരോധ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കുമോ; | ഡി) | ആരോഗ്യവകുപ്പ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജനുവരി, ഏപ്രിൽ, മേയ് മാസങ്ങളിൽ നടത്തിയ ഹെൽത്തി കേരളാ കാമ്പെയിനിൽ 293580 വീട്ടുകളിലും 17431 |

സ്ഥാപനങ്ങളും 6818 തോട്ടങ്ങളും 3232 നിർമ്മാണ സ്ഥലങ്ങളും 5562 ഇതര സംസ്ഥാന തൊഴിലാളി താമസ സ്ഥലങ്ങളും പരിശോധന നടത്തിയതിൽ, പ്രതിരോധ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയ 1600 വീട്ടുകാർക്കും 1167 സ്ഥാപനങ്ങൾക്കും 349 തോട്ടം ഉടമകൾക്കും 113 കെട്ടിട നിർമ്മാണ യൂണിറ്റുകൾക്കും 407 ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകൾക്കും പൊതുജനാരോഗ്യ നിയമപ്രകാരം നോട്ടീസ് നൽകുകയും ചെയ്തു. പനിയും മറ്റ് പകർച്ചവ്യാധികളും നിയന്ത്രിക്കുവാനായി പൊതുജന പങ്കാളിത്തത്തോടെ ജൂൺ 27 മുതൽ 29 വരെ സമ്പൂർണ്ണ ശുചീകരണ യജ്ഞം നടത്തുകയുണ്ടായി. ഈ പരിപാടിയുടെ നടത്തിപ്പും കാര്യക്ഷമതയും പരിശോധി-ക്കുവാൻ ആരോഗ്യവകുപ്പും കേരള സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റിയും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി ജൂലൈ 1-ാം തീയതി സംസ്ഥാന വ്യാപകമായി ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും പരിശോധന നടത്തി. പ്രതിരോധ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയവർക്ക് പൊതുജനാരോഗ്യ നിയമപ്രകാരം നോട്ടീസ് നൽകി.

ഇ) പനി പടർന്നുപിടിക്കാതിരിക്കാൻ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

ഇ)

- പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തേ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുക് നിരീക്ഷണവും ശക്തിപ്പെടുത്തി.
- പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല വിദഗ്ധ സമിതികൾ സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.
- കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ISS), വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ, (ഫോഗിങ്ങ്) കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ

......3

ചെയ്തു വരുന്നു.

- എലിപ്പനി പ്രതിരോധത്തിന്റെ ഭാഗമായി രോഗ സാധ്യതയുള്ള തൊഴിലുകളിൽ ഏർപ്പെടുന്നവർക്ക് രോഗ പ്രതിരോധ ഗുളിക(doxycycline) വിതരണം ശക്തിപ്പെടുത്തി.
- കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷനും, പനി ചികിത്സാ ബോധവൽക്കരണവും നടത്തുകയുണ്ടായി.
- സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷി-യോഗത്തിന്റെ തീരുമാനപ്രകാരം ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണ യജ്ഞം നടത്തി
- മെയ് 19 നും ജൂൺ 19 നും സംസ്ഥാനതല റാപ്പിഡ് റെസ്പോൺസ് ടീം (RRT) യോഗം 2 പ്രാവശ്യം കൂടി സംസ്ഥാനത്തെ, പകർച്ചവ്യാധി സ്ഥിതിഗതികൾ വിലയിരുത്തി.
- ജൂൺ 29 മുതൽ ജൂലൈ 3 വരെയും ജൂലൈ 17 തീയതിയിലും ആയി രണ്ട് കേന്ദ്ര വിദഗ്ധ സംഘങ്ങൾ സംസ്ഥാനത്ത് എത്തി സ്ഥിതിഗതികൾ വിലയിരുത്തി.
- മരുന്നുകൾ, ടെസ്റ്റുകിറ്റുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി.
- രോഗികൾക്ക് തൃപ്തികരമായ സേവനം നൽകുവാൻ ഒ.പി സമയം ദീർഘിപ്പിച്ചു.

| | | | |
|---|---|---|---|
| **എഫ്)** | പനിമരണം മൂലം നിരാലംബരായ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ? | **എഫ്)** | തല്ക്കാലം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**